പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4905 | 5.02.2014 ൽ മറുപടിയ്ക്ക് |
|---|---|
| സർക്കാർ വിദ്യാലയങ്ങളിലെ സാമൂഹ്യനീതി വകുപ്പിൽ നിന്നുള്ള കൗൺസലർമാരുടെ ചുമതലകൾ | |
| ചോദ്യം | ഉത്തരം |
| ശ്രീ. രാജു എബ്രഹാം | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സർക്കാർ സ്കൂളുകളിൽ സാമൂഹികനീതി വകുപ്പിനു കീഴിലായി കൗൺസലർമാരെ നിയോഗിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവരുടെ അടിസ്ഥാന യോഗ്യത എന്താണ്; ഒരു കൗൺസലർക്ക് എത്ര സ്കൂളുകളുടെ ചുമതലയാണ് നൽകിയിട്ടുള്ളത്; ഇവർക്ക് പ്രതിമാസം നൽകുന്ന തുകയെന്ത്; എന്തൊക്കെയാണ് ഇവർക്കു നൽകിയിട്ടുള്ള ചുമതലകൾ; ഇവരുടെ നിയമന രീതി എപ്രകാരമാണ് ; | (എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് 500 സർക്കാർ സ്കൂളുകളിലായി കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. എം.എസ്.ഡബ്ല്യു അല്ലെങ്കിൽ എം.എ സൈക്കോളജി ആണ് കൗൺസിലർമാരുടെ അടിസ്ഥാന യോഗ്യത. ഒന്നോ ഒന്നിലധികമോ സ്കൂളുകളുടെ ചുമതലയാണ് ഒരു സ്കൂൾ കൗൺസിലർക്ക് ഉണ്ടാവുക. ഇവർക്ക് പ്രതിമാസം 10,000 രൂപ ഓണറേറിയം നൽകി വരുന്നു. സ്കൂൾ കൗൺസിലേഴ്സിന്റെ ചുമതലകൾ ചുവടെ പറയുന്നവയാണ്.<br>1) ഒരു പ്രവർത്തന മേഖലയിലെ കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ (സ്കൂൾ വിദ്യാർത്ഥിനികളും അല്ലാത്തവരും) കൗൺസിലിംഗ് ചുമതല സ്കൂൾ കൗൺസിലേഴ്സിനായിരിക്കും.<br>2) സ്കൂൾ കൗൺസിലർമാർ അലോട്ട് ചെയ്ത സ്കൂളുകൾ സന്ദർശിക്കേണ്ടതും കൗൺസിലിംഗ് ഏറ്റെടുത്ത് നടത്തേണ്ടതുമാണ്.<br>3)അങ്കണവാടി വഴിയുള്ള കുമാരി ക്ലബ്ബുകളുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും സമൂഹത്തിൽ കൗൺസിലിംഗ് ആവശ്യമുള്ളവരെ കണ്ടെത്തി അവർക്ക് കൗൺസിലിംഗ് നൽകേണ്ടതുമാണ്.<br>4) കൗൺസിലിംഗിനു വേണ്ടി നിർണ്ണയിക്കപ്പെട്ട സ്ഥലത്തെ അഡോളസെന്റ് പ്രോഗ്രാമുകളുടെ സാങ്കേതിക ചുമതല ബന്ധപ്പെട്ട സ്കൂൾ കൗൺസിലർക്ക് ആയിരിക്കും. |

| | |
|---|---|
| | 5) കൗൺസിലിംഗിലൂടെ കണ്ടെത്തിയ കൗമാരപ്രായക്കാരുടെ പ്രശ്നങ്ങൾ മാനസിക വിദഗ്ധൻമാരുമായി ചർച്ച ചെയ്തു പരിഹരിക്കേണ്ടത് ബന്ധപ്പെട്ട സ്കൂൾ കൗൺസിലേഴ്സാണ്.<br>ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ജില്ലാ സാമൂഹ്യനീതി ഓഫീസർ കൺവീനറും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ഡിഎംഒ, ഐസിഡിഎസ് പ്രോഗ്രാം ഓഫീസർ എന്നിവർ അംഗങ്ങളായ സമിതിയാണ് കൗൺസിലർമാരുടെ ലിസ്റ്റ് തയ്യറാക്കുന്നത്. പ്രസ്തുത ലിസ്റ്റിൽ നിന്നും ബന്ധപ്പെട്ട സ്കൂൾ പിടിഎ പ്രസിഡന്റുമാർ കൗൺസിലർമാരെ നിയോഗിക്കുന്നു. |
| (ബി) സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഈ സേവനം എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും ബാധകമാക്കേണ്ടതല്ലേ എന്ന് വ്യക്തമാക്കുമോ; | (ബി) &(സി) സംസ്ഥാനത്തെ മുഴുവൻ ഗവ. ഹയർ സെക്കൻഡറി സ്കൂളുകളിലും കൗൺസിലിംഗ് പ്രോഗ്രാം നടത്തുന്ന വിഷയം പരിശോധിച്ചുവരുന്നു. എയ്ഡഡ് സ്കൂളുകളിൽ കൂടി ബാധകമാക്കുന്ന കാര്യം ആവശ്യകതയനുസരിച്ച് പരിശോധിക്കാവുന്നതാണ്. |
| (സി)പൊതുവിദ്യാലയങ്ങളിലെല്ലാം ഇത്തരം കൗൺസലർമാരുടെ സേവനം വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; എന്നു മുതൽ ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**